Draft #2 of File 1382/AC A8/3/2018/AC A 8 Approved by ASSISTANT REGISTRAR II ACADEMIC on 06-Apr-2019 12:34 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അക്കാദമികം- കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സംഘടിപ്പിച്ച കോളേജ് ഗെയിംസിൽ പങ്കെടുത്ത് വിജയിച്ച വിദ്യാർത്ഥികൾക്ക് ഗ്രേസ്മാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 1498/AC A 8/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.04.2019

---

പരാമർശം:-(1) 16.04.2016-ലെ 2180/01/എസിഎVIII/2016 നമ്പർ സർവകലാശാലാ ഉത്തരവ്.

(2) മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസിലെ കോച്ച്-ഇൻ-ചാർജ്ജിന്റെ 25.06 .2018-ലെ കത്ത്.

(3) 08.11.2018 -ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 139/18.09/182206.

(4) 18.03.2019-ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 50/19.02/DDFS-1382/2018

**ഉത്തരവ്**

2017-18 കാലയളവിൽ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കോഴിക്കോട് വച്ച് സംഘടിപ്പിച്ച കോളേജ് ഗെയിംസിൽ പങ്കെടുത്ത് വിജയിച്ച വിദ്യാർത്ഥികൾ, ഗ്രേസ്മാർക്ക് അപേക്ഷ ശുപാർശ ചെയ്ത് ലഭിക്കുന്നതിനായി സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസിൽ സമർപ്പിച്ചിരുന്നു. ഈ മത്സരങ്ങൾക്ക് ഗ്രേസ്മാർക്ക് അനുവദിക്കുന്നതിന് സർവകലാശാലാ ഉത്തരവില്ലാത്തതിനാൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കണമെന്ന് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസ് കോച്ച്-ഇൻ-ചാർജ്ജ് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു. . ഇന്റർ കോളേജിയേറ്റ് മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ വിദ്യാർഥികൾ/ടീമുകൾ ആണ് കോളേജ് ഗെയിംസിൽ പങ്കെടുത്തത് എന്നും അപേക്ഷയിൽ വ്യക്തമാക്കിയിരുന്നു.

പരാമർശം(1) സർവകലാശാലാ ഉത്തരവ് അനുസരിച്ചാണ് പ്രൊഫഷണൽ കോഴ്സുകളല്ലാത്ത ബിരുദ പ്രോഗ്രാമുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ്മാർക്ക് അനുവദിക്കുന്നത്. എന്നാൽ ടി ഉത്തരവിൽ കോളേജ് ഗെയിംസ് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ വിഷയം സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിച്ചു.

08.11.2018-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം, സ്പോർട്സിന് ഗ്രേസ്മാർക്ക് നൽകുന്നതിനുള്ള സർവ്വകലാശാലാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഈ വിഷയത്തിനും അഡീഷണൽ ഗ്രേസ്മാർക്ക് അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചു. എന്നാൽ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സിൽ ഗ്രേസ്മാർക്ക് നിരക്കുകൾ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ഫയൽ സിൻഡിക്കേറ്റ് മുമ്പാകെ പുനഃ സമർപ്പിച്ചു.

18.03.2019-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (4) പ്രകാരം, കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സംഘടിപ്പിച്ച കോളേജ് ഗെയിംസിൽ പങ്കെടുത്തു വിജയിച്ച വിദ്യാർത്ഥികളിൽ ഒന്നാം സ്ഥാനക്കാർക്ക് 5% വും രണ്ടാം സ്ഥാനം നേടിയ വിദ്യാർത്ഥികൾക്ക് 4% വും മൂന്നാം സ്ഥാനം നേടുന്ന

വിദ്യാർത്ഥികൾക്ക് 3% വീതവും ഗ്രേസ്മാർക്ക് നൽകുന്നതിന്  തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം(1) സർവകലാശാലാ ഉത്തരവ് ഇതിനാൽ  ഭേദഗതി ചെയ്തിരിക്കുന്നു.

രമേഷ് നാരായൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ /പ്രൊ വൈസ് ചാൻസലറുടെ പി.എസ്
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ
3. ജെ.ആർ /ഡി.ആർ/എ ആർ (അക്കാദമിക്/പരീക്ഷ )
4 .ടാബുലേഷൻ സെക്ഷനുകൾ
5. ഡയറക്ടർ , സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസ്.
6. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ CETEX
7. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ (അപ്‌ലോഡ് ചെയ്യുന്നതിനായി)
8. പി.ആർ.ഓ/എൻക്വയറി/ഐ.ക്യൂ.എ.സി
9. എസി.സി സെക്ഷൻ
10 . ഫയൽ പകർപ്പ് /കരുതൽ ഫയൽ

Draft #2 of File 1382/AC A8/3/2018/AC A 8 Approved by ASSISTANT REGISTRAR II ACADEMIC on 06-Apr-2019 12:34 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം